GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/07/2026

1. ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ ചടയമംഗലം, വെളിനെല്ലൂർ, ഇളമാട്, ഇട്ടിവ, കടയ്ക്കൽ, ചിതറ, കുമ്മിൾ, നിലമേൽ എന്നീ കൃഷിഭവനുകളിൽ ഗുണമേന്മയുള്ള പച്ചക്കറി വിത്തു പാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നു. താല്പര്യമുള്ള കർഷകർ കൃഷിഭവനുമായി ബന്ധപ്പെടണമെന്ന് ചടയമംഗലം ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ നസീം എം അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9496371409 എന്ന നമ്പരിൽ ബന്ധപ്പെടുക.

2. കേരളത്തിലെ കാർഷിക മേഖലയെ സാങ്കേതികവിദ്യയുടെ കരുത്തിലൂടെ കൂടുതൽ ഉൽപ്പാദന ക്ഷമവും കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ളതുമാക്കാൻ ലക്ഷ്യമിട്ട് കേരള സ്റ്റാർട്ടപ്പ്മിഷൻ നടപ്പാക്കുന്ന

അഗ്രിനെക്സ്റ്റ് പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. ലോക ബാങ്കിന്റെ സഹകരണത്തോടെ കൃഷിവകുപ്പ് നടപ്പാക്കുന്ന കേര പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് 150 അഗ്രിടെക് സ്റ്റാർട്ടപ്പുകളെ തെരഞ്ഞെടുത്ത് സാങ്കേതിക വിദ്യകൾ കർഷകരിലേക്ക് എത്തിക്കാൻ ലക്ഷ്യമിടുന്നത്. കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ, കൃഷി ചെലവ് കുറയ്ക്കൽ, കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന കൃഷിരീതികൾ, മെച്ചപ്പെട്ട വിപണിബന്ധങ്ങൾ, വരുമാന വർധന എന്നിവയാണ് ലക്ഷ്യമിടുന്നത്. സ്റ്റാർട്ടപ്പുകൾ വികസിപ്പിക്കുന്ന നൂതന കാർഷിക പരിഹാരങ്ങൾ നേരിട്ട് കൃഷിയിടങ്ങളിൽ പരീക്ഷിക്കാനും വിപുലമായതലത്തിൽ വിന്യസിക്കാനും അവസരം നൽകുന്ന പദ്ധതിയാണിത്. തെരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ടപ്പുകൾക്ക് 25 ലക്ഷം രൂപ വരെ ധനസഹായം, മെന്ററിങ്, ഇൻകുബേഷൻ പിന്തുണ, കർഷക ശൃംഖലകളിലേക്കുള്ള പ്രവേശനം. ഫീൽഡ് പൈലറ്റ് അവസരങ്ങൾ എന്നിവ ലഭ്യമാക്കും. പ്രിസിഷൻ ഫാമിങ്, ഡ്രോൺ സാങ്കേതികവിദ്യ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സ്മാർട്ട് ഇറിഗേഷൻ, ഫാം മെക്കനൈസേഷൻ, വിള സംരക്ഷണം, സംസ്കരണവും സംഭരണവും, മൂല്യവർധിത ഉൽപ്പന്നങ്ങൾ, അഗ്രിഫിൻടെക്, കാലാവസ്ഥാ സൗഹൃദ കൃഷി തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് പദ്ധതിയിൽ പങ്കാളികളാകാം. സ്റ്റാർട്ടപ്പുകൾ

https//agrinext.startupmission.in എന്ന ലിങ്കിൽ 31 നകം അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9447713627 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക .

3. കാർഷിക വികസന-കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെൻറ് ഏജൻസി (ആത്മ) പ്രോഗ്രാമിന് കീഴിൽ സ്റ്റേറ്റ് കോർഡിനേറ്റർ തസ്തികയിലെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിക്കുന്നു (ഒരു ഒഴിവ്) . പ്രായപരിധി 60 വയസ്സ്. പ്രതിഫലം പ്രതിമാസം 50,000/- രൂപ. കാലാവധി 1 വർഷം. കൃഷി, കൃഷി വിപണനം, അഗ്രോണമി, ഹോർട്ടികൾച്ചർ, ഫിഷറീസ്, മണ്ണ് ശാസ്ത്രം, കാർഷിക സാമ്പത്തികശാസ്ത്രം തുടങ്ങിയ കൃഷി അനുബന്ധ മേഖലകളിലെ ഡോക്ടറേറ്റ് അല്ലെങ്കിൽ ബിരുദാനന്തര ബിരുദം ആണ് യോഗ്യത. ഡോക്ടറേറ്റ് ഡിഗ്രി ഉള്ളവർക്ക് കോർഡിനേഷൻ, ആസൂത്രണം എന്നിവയിൽ കുറഞ്ഞത് 10 വർഷത്തെ പ്രവൃത്തി പരിചയവും, ബിരുദാനന്തര ബിരുദം ഉള്ളവർക്ക് 20 വർഷത്തെ പ്രവർത്തി പരിചയവും ആവശ്യമാണ്. സർക്കാർ മേഖലയിലെ സേവന പരിചയം അഭിലഷണീയം. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡാറ്റ സഹിതം 20/07/2026 നകം ഡയറക്ടർ, കാർഷിക വികസന-കർഷക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം

695033 എന്ന വിലാസത്തിലേക്കോ nodalatmakerala@gmail.com എന്ന മെയിൽ ഐഡിയിലേക്കോ അപേക്ഷ സമർപ്പിക്കേണ്ടതാണ്. യോഗ്യതയുള്ള ഉദ്യോഗാർത്ഥിയെ ഇൻറർവ്യൂവിൻ്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നതാണ്.

4. കൃഷി വകുപ്പ് നടപ്പിലാക്കിയ "ഒരുലക്ഷം യുവജനങ്ങൾക്ക് തൊഴിൽ ദാന പദ്ധതി " യിൽ അംഗങ്ങളായ കർഷകർ 10/7/2026 ന് മുൻപായി കൃഷി ഭവനിൽ എത്തി AIMS രെജിസ്ട്രേഷൻ ചെയ്യണം. പെൻഷനും മറ്റ ആനുകൂല്യങ്ങളും ലഭിക്കുന്നതിന് AIMS രെജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. കൊല്ലം ജില്ലയിൽ ചാത്തന്നൂർ ബ്ലോക്കിൽ ഉള്ള ചാത്തന്നൂർ, ചിറക്കര, കല്ലുവാതുക്കൽ, നെടുമ്പന, ആദിച്ചനല്ലൂർ, പരവൂർ, പൂതക്കുളം കൃഷി ഭവനുകളിലെ ഗുണഭോക്താക്കൾ അതാത് കൃഷി ഭവനുമായി ബന്ധപ്പെടണമെന്ന് ചാത്തന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീവൽസ പി ശ്രീനിവാസൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9383470349 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക .

5. വെള്ളായണി കാർഷിക കോളേജിലെ പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് വിഭാഗം പഴം- പച്ചക്കറി സംസ്കരണം എന്ന വിഷയത്തിൽ ഓഗസ്റ്റ് 4ന് പരിശീലന പരിപാടി നടത്തും. കൂടുതൽ വിവരങ്ങൾക്ക് 8089076698 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക .

6. റബ്ബർപാലിലെ റബ്ബറിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് 2026 ജൂലൈ 15 മുതൽ 17 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://share.google/n8Qu4kivaNuYmRcc2 എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 04812353127, 9497487209 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.